പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

**പ്രധാനമന്ത്രി ഗ്രാമീൺ സഡക്ക് യോജന**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1502 05.12.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീ.സണ്ണി ജോസഫ്<br>,, റ്റി.എൻ. പ്രതാപൻ<br>,, ജോസഫ് വാഴയ്ക്കൻ<br>,, പി.എ.മാധവൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | പ്രധാനമന്ത്രി ഗ്രാമീൺ സഡക്ക് യോജന നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | പി.എം.ജി.എസ്.വൈ. പ്രകാരം കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുവദിച്ച മുഴുവൻ പ്രവൃത്തികൾക്കും സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ ഘട്ടങ്ങളിലായി കരാർ ഉറപ്പിക്കുവാൻ കഴിയാത്ത പ്രവൃത്തികൾക്കെല്ലാം തന്നെ പി.എം.ജി.എസ്.വൈ. 2013 ഷെഡ്യൂൾ പ്രകാരം പുതുക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പി.എം.ജി.എസ്. വൈ.II നടപ്പാക്കുന്ന തിനായി 14 ജില്ലകളുടെയും ജില്ലാതലത്തിലുള്ള ഗ്രാമീണ റോഡുകളുടെ പ്ലാൻ (DRRP) Map in GIS – Platform ൽ) തയ്യാറാക്കി കേന്ദ്ര ഗവൺമെന്റ് അംഗീകാരത്തിന് സമർപ്പിക്കുന്നതിന് ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുള്ളതും ആയത് സമയബന്ധിതമായി പൂർത്തീകരിച്ച് കേന്ദ്രസർക്കാരിൽ സമർപ്പിച്ച് അംഗീകാരം നേടിയെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട എത്ര ഗ്രാമീണ റോഡുകളാണ് നിലവിലുള്ളത്; | (ബി) | സംസ്ഥാനത്ത് പി.എം.ജി.എസ്.വൈ പ്രകാരം എല്ലാ ഘട്ടങ്ങളിലുമായി 1430 റോഡുകളാണ് നിലവിലുള്ളത്. |
| (സി) | പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് കേന്ദ്രവും സംസ്ഥാനവും എത്ര തുക വീതമാണ് നീക്കിവച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (സി) | പി.എം.ജി.എസ്.വൈ 100 ശതമാനം കേന്ദ്ര സഹായമുള്ള പദ്ധതിയാണ്. പദ്ധതി പ്രദേശത്തുള്ള യൂട്ടിലിറ്റികൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള ചെലവും ടെണ്ടർ പ്രിമീയം, റേറ്റ് റിവിഷൻ, നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം 5 വർഷത്തെ അറ്റകുറ്റപണികൾക്കുള്ള ചെലവ് എന്നിവ |

| | | | |
|---|---|---|---|
| | | | സംസ്ഥാന സർക്കാരാണ് വഹിക്കേണ്ട ത്. പി.എം.ജി.എസ്.വൈ II ൽ ഉൾപ്പെടു ത്തി 570 കി.മീ ദൈർഘ്യം വരുന്ന റോഡു കളുടെ പാക്കേജ് സമർപ്പിക്കുന്നതിനുള്ള അനുമതി കേന്ദ്രസർക്കാരിൽനിന്നും നേടി യിട്ടുണ്ട്. 75:25 (75 കേന്ദ്രം 25 സംസ്ഥാനം) പിന്നോക്ക ജില്ലകൾക്ക് 90:10 എന്ന അനുപാതത്തിലാണ് ഈ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ ഫണ്ട് അനുവദിക്കുന്നത്. |
| (ഡി) | പ്രസ്തുത റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | നിലവിലുള്ള റോഡുകൾ സമയബന്ധി തമായി പൂർത്തീകരിക്കുന്നതിന് പ്രതിമാസ സംസ്ഥാനതല അവലോകന യോഗത്തിനു പുറമെ അതാതു ജില്ലകളിൽ കൂടി പ്രതിമാസ അവലോകന യോഗം നടത്തുന്നതിന് എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും ജില്ലാ കള ക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർമാർ ചെയർമാനായുള്ള പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റി ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ റീജീയണൽ റിവ്യൂ മീറ്റിംഗുകളും സംസ്ഥാനതല മീറ്റിംഗു കളും നടത്തിവരുന്നു. പി.എം.ജി.എസ്.വൈ പദ്ധതികളിലേയ്ക്ക് കരാറുകാരെ ആകർഷിക്കുന്ന തരത്തിലുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികളുടെ മാർക്കറ്റ് വില നൽ കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ